**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1401** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>'പിങ്ക് ട്രാൻസിറ്റ് ഫ്ളീറ്റ്'' സംവിധാനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** വഴിയോരങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷിതവും സൗകര്യപ്രദവുമായ യാത്രാനുഭവത്തിനായി 'പിങ്ക് ട്രാൻസിറ്റ് ഫ്ളീറ്റ്'' സംവിധാനം കൊണ്ടുവരുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ ഇതുവഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

**<u>മറുപടി:</u>** (എ) സ്ത്രീകളുടെ പഠനം, ജോലി, ഉല്ലാസ യാത്ര തുടങ്ങിയവയ്ക്ക് സുരക്ഷിത യാത്ര സൗകര്യം ഉറപ്പു വരുത്തുന്നതിനായി ഗതാഗത വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുമായി ചേർന്ന് 'പിങ്ക് ട്രാൻസിറ്റ് ഫ്ളീറ്റ്' സംവിധാനം നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

ഇതിന്റെ ഭാഗമായി, പൊതു ഇടങ്ങൾ പൂർണമായും സുരക്ഷിതമാണെന്ന് ഉറപ്പാക്കുവാൻ ഏറ്റവും തിരക്കേറിയ യാത്ര റൂട്ടുകളിൽ സ്ത്രീകൾക്ക് മാത്രമായി രാത്രികാല യാത്ര ബസ് സർവീസുകൾ ആരംഭിക്കുന്നതിനും എല്ലാ പ്രധാന മുനിസിപ്പൽ ബസ് ടെർമിനലുകളിലും സ്ത്രീ സൗഹൃദമാക്കാൻ സുരക്ഷിതവും വൃത്തിയുള്ളതുമായ വിശ്രമ കേന്ദ്രങ്ങളും പൊതു ശൗചാലയങ്ങളും മുലയൂട്ടൽ കേന്ദ്രങ്ങളും ഒരുക്കുന്നതിനുമുള്ള സാധ്യതയും പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**